"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് 2022-23 - പരിയാരം ഗ്രാമപഞ്ചായത്ത് - വാർഡ് 1 ലെ നായരങ്ങാടി ആരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വാർഡ് 7 ൽ പീലാർമുഴി ആരോഗ്യ ഉപകേന്ദ്രം കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1538/2024/LSGD തീയതി,തിരുവനന്തപുരം, 17-08-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1625/2023/LSGD; തീയതി 09.08.2023
2. പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.07.2024ലെ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.04.2024ലെ 4/ നമ്പർ തീരുമാനവും.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.07.2024ലെ LSGD/PD/27133/2024-DPLA1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരിയാരം ഗ്രാമപഞ്ചായത്തിലെ 3 സബ്സെന്ററുകൾക്ക് 15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിലെ സ്കീം 1-ൽ (സ്വന്തമായി കെട്ടിടമില്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമിക്കുന്നതിനുള്ള ധനസഹായം) ഉൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടുണ്ട്. അതിൽ വാർഡ് 1 -ലെ നായരങ്ങാടി ആരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമാണത്തിന് നാളിതുവരെ സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ, സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള വാർഡ് 7-ലെ പീലാർമുഴി സബ്സെന്റർ നിർമാണത്തിന് നായരങ്ങാടി ആരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമാണത്തിന് അനുവദിച്ചിട്ടുള്ള തുക ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് ഗ്രാമ പഞ്ചായത്ത് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പീലാർമുഴിയിലെ സ്ഥലം സബ്സെന്ററിന് അനുയോജ്യമാണെന്ന് കാണിച്ച് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ അനുയോജ്യതാ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്.

2. ഒരേ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സബ്സെന്റർ നിർമാണത്തിന് തന്നെ തുക വിനിയോഗിക്കുന്നതിനാൽ പി.എഫ്.എം.എസ്-ൽ മറ്റ് ക്രമീകരണങ്ങൾ ആവശ്യമില്ല എന്നും അടുത്ത വർഷത്തെ ഗ്രാന്റ് ലഭ്യമാകുന്നതിന് മുൻവർഷം ലഭിച്ച തുകയുടെ 50% ൽ കുറയാത്ത തുക ചെലവഴിച്ചിരിക്കേണ്ടതാണ് എന്ന സാഹചര്യം കൂടി പരിഗണിച്ച് ആവശ്യത്തിൽ അനുകൂല നടപടികൾ കൈക്കൊള്ളാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിലെ സ്കീം 1 പ്രകാരം വാർഡ് 1 -ലെ നായരങ്ങാടി ആരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമാണത്തിനായി പരിയാരം ഗ്രാമപഞ്ചായത്തിന് പരാമർശിത ഉത്തരവ് പ്രകാരം അനുവദിച്ച തുക ഉപയോഗിച്ച്, അതേ ഗ്രാമപഞ്ചായത്തിലെ വാർഡ് 7-ലെ പീലാർമുഴി സബ്സെന്റർ നിർമാണം നടത്തുന്നതിന് പരിയാരം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, പരിയാരം ഗ്രാമപഞ്ചായത്ത്
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ
6. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), കണ്ണൂർ
7. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
8. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
9. ഡയറക്ടർ ജനറൽ, കില
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
11. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
12. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
13. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
14. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju L S
Date: 17-08-2024 11:22:33
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്